# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in

### കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## പാലക്കാട്ജില്ല

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 31/2020(62),വ്യാഴാഴ്ച്ച — തീയ്യതി 30.07.2020

അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:

| കാലാവസ്ഥാ ഘടകങ്ങൾ | 31.07.2020 | 01.08.2020 | 02.08.2020 | 03.08.2020 | 04.08.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 27 | 30 | 15 | 14 | 15 |
| ഉയർന്ന താപനില (°C) | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 96 | 96 | 96 | 96 | 96 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 75 | 75 | 75 | 75 | 75 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 10 | 10 | 12 | 14 | 12 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 250 | 250 | 270 | 270 | 270 |
| മേഘവ്യാപ്തി (ഒക്ടസ്) | 8 | 8 | 8 | 8 | 8 |

**ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

## കാർഷിക നിർദ്ദേശങ്ങൾ:

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| നെല്ല് (വിരിപ്പ്) ചിനപ്പു പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചിൽ | ബാക്ടീരിയൽ ഇല കരിച്ചിൽ കാണാത്ത പാടശേഖരങ്ങളിൽ പ്രതിരോധ നടപടിയായി 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്തതും 20 ഗ്രാം സ്യൂഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. ഈ രോഗത്തിന്റെ വ്യാപനം ചെറുക്കുന്നതിനായി, ഒരു ഏക്കർ പാടശേഖരത്തിന് 100 ഗ്രാം വീതമുള്ള 20 കിഴി ബ്ലീച്ചിങ്ങ് പൗഡർ ഇട്ടുകൊടുക്കാവുന്നതാണ്. രോഗം രൂക്ഷമാവുകയാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കാവുന്നതാണ്. |
| | നെല്ലോല മണ്ഡരി | നെല്ലോലയിൽ കാണുന്ന മണ്ഡരിക്കെതിരെ 3 ഗ്രാം ഗന്ധകം (wettable sulphur) ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഇലകളുടെ അടിയിൽ പതിയത്തക്കവിധം തളിച്ചു കൊടുക്കാവുന്നതാണ്. |
| | ഇലപ്പേൻ | നെല്ലിലെ ഇലപ്പേനിനെ നിയന്ത്രിക്കാൻ 2 ഗ്രാം തൈയോമെതോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| വാഴ | പനാമ വാട്ടം | പൂവൻ, കദളി എന്നീ വാഴ ഇനങ്ങളിൽ പനാമ വാട്ടം എന്ന രോഗം രൂക്ഷമായി കാണാൻ സാധ്യതയുണ്ട്. ഇതിനു പ്രതിവിധിയായി രോഗം ബാധിച്ച വാഴകളിൽ ഒരു ഗ്രാം കാർബന്റാസിം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ഓരോ വാഴക്കു ചുവട്ടിലും ഒഴിച്ചു കൊടുക്കുക. |
| പച്ചക്കറികൾ (പയർ) | കരിവള്ളിക്കേട് | മഴക്കാലത്ത് പയറിൽ കരിവള്ളിക്കേട് എന്ന രോഗം കാണാനിടയുണ്ട്. പ്രതിവിധിയായി 1% ബോർഡോമിശ്രിതം കലക്കി തളിക്കുക അല്ലെങ്കിൽ കോപ്പർ ഓക്സിക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കന്നുകാലികൾക്ക് ചാണക പരിശോധന നടത്തി വിരയുണ്ടോയെന്ന് ഉറപ്പാക്കിയതിനു ശേഷം വിരമരുന്നുകൾ നൽകുക. കന്നുകുട്ടികൾക്ക് ആദ്യഡോസ് പ്രസവിച്ച് രണ്ടാഴ്ച്ചക്കുള്ളിൽ നൽകണം. | |